# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5617 24.05.2017 - ൽ മറുപടിക്ക്

## നേഴ്സിംഗ് തസ്തിക സൃഷ്ടിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരമുള്ള നേഴ്സിംഗ് തസ്തിക സൃഷ്ടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സൃഷ്ടിച്ച നേഴ്സിംഗ് തസ്തികകളുടെ വിവരം ചുവടെചേർക്കുന്നു.<br>1. 29.04.2017-ലെ സ.ഉ(എം.എസ്)നം.67/ 2017/ആ.കു.വ പ്രകാരം വിവിധ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ 721 തസ്തിക സൃഷ്ടിച്ചു.<br>2. 05.05.2017-ലെ സ.ഉ(എം.എസ്)നം.72/ 2017/ആ.കു.വ പ്രകാരം എറണാകുളം മെഡിക്കൽ കോളേജിൽ നഴ്സിംഗ് വിഭാഗത്തിൽ 84 തസ്തികകൾ സൃഷ്ടിച്ചു.<br>ആരോഗ്യ വകുപ്പിൻ കീഴിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ പി.എച്ച്.സി.കളിലായി 340 സ്റ്റാഫ് നഴ്സുമാരുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് 12.05.2017-ലെ സ.ഉ(എം.എസ്)നം.75/ 2017/ആ.കു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ബി) | നിലവിൽ എത്ര തസ്തികകളാണ് ഈ വിഭാഗത്തിൽ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ? | ബി) | മൂന്നു വർഷം കൊണ്ട് ആരോഗ്യ വകുപ്പിൻ കീഴിൽ 1610 സ്റ്റാഫ് നഴ്സിന്റെ തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജിൽ/ സ്ഥാപനങ്ങളിൽ 2874 സ്റ്റാഫ് നഴ്സിന്റെ തസ്തികകളും സൃഷ്ടിക്കുമെന്നാണ് 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. |

Milan

സെക്ഷൻ ഓഫീസർ